# രണ്ടാമത്തെ പാലം

## ഇ. പി. രാജഗോപാലൻ

“ഇരുപത്തിമൂന്നോളം ലക്ഷമിപ്പോൾ-
ച്ചെലവാക്കി നിർമ്മിച്ച പാലത്തിൻമേൽ
അഭിമാനപൂർവ്വം ഞാനേറി നില്പാ-
ണടിയിലെ ശ്ശോഷിച്ച പേരാർ നോക്കി”

ഇടശ്ശേരി ‘കുറ്റിപ്പുറം പാലം’ തുടങ്ങുന്നു. പൊതുമരാമത്തുമന്ത്രിയുടെ പ്രസ്താവന പോലുള്ള ഒന്നിനെ കവിതയുടെ അസാധാരണമായ ആവശ്യത്തിലേക്ക് കൊണ്ടുവരികയാണ് ആദ്യത്തെ രണ്ടുവരി - ഇത്ര തുക ചെലവഴിച്ച് പണിതപാലം. രൂപയിൽ തുടങ്ങുന്ന കവിത, മാറിയ ഒരു സാമൂഹിക സന്ദർഭത്തെയാണ് സൂചിപ്പിക്കുന്നത്. ആധുനിക സമ്പത്തിന്റെ യാഥാർത്ഥ്യം ഒരേ സമയം നിർമ്മാണാത്മകവും അപനിർമ്മാണപരവുമായ ഒരു കാവ്യഭാഷ സാധിക്കുന്നു. പൊതുപണത്തിന്റെ വ്യയം സ്ഥലത്തെ സാംസ്കാരികമായി എഴുതാനുള്ള ഉപാധിയായിത്തീരുന്നു. ഇതിന് മുൻമാതൃകകൾ ഇല്ല. പാലത്തെ മനുഷ്യാധ്വാനത്തിന്റെ മഹത്തായ പ്രതീകമായിക്കാണാം. ഭരണകൂടത്തിന്റെ ജനക്ഷേമനയത്തിന്റെ പ്രത്യക്ഷീകരണമാകാമത്; ഇളകുന്ന പുഴയാലേ വേർപിരിഞ്ഞ രണ്ട് സ്ഥിരഭൂമികളെ ചേർക്കുന്ന ദാർഢ്യത്തിന്റെ ആഹ്ലാദകരമായ ശിൽപ്പമാകാമത്; പ്രകൃതിയെ വരുതിയിൽ നിർത്തിയതിന്റെ പ്രയോജനശിൽപമായും എണ്ണപ്പെടാം. ‘കുറ്റിപ്പുറം പാല’ത്തിൽ ഇവയുടെല്ലാം ധ്വനികളുണ്ട്. എന്നാൽ കവിത തുടങ്ങാൻ ഇവയൊന്നിനെയല്ല ഇടശ്ശേരി ആശ്രയിക്കുന്നത്. കവിത സമ്പ്രദായികമാക്കാൻ തുടക്കം തൊട്ടേ തയ്യാറല്ല. പാരമ്പര്യത്തിന്റെ ഔചിത്യങ്ങളേക്കാളും ആധുനികതയുടെ സമ്മർദമാണ് കവിതയെ അനിവാര്യമാക്കുന്നത്.

‘ഇരുപത്തിമൂന്നോളം ലക്ഷം’ എന്നേയുള്ളൂ. രൂപ എന്നില്ല. പ്രയോഗം കൊണ്ടുതന്നെ കറൻസിയുടെ അന്തരീക്ഷം കിട്ടും. വാസ്തവത്തിൽ ആ ചെലവാക്കലിനു പിന്നിൽ പലതുമുണ്ട് - സാമൂഹികവും രാഷ്ട്രീയവുമായ പലതും. അതിനെയെല്ലാം പണത്തിന്റേതുമാത്രമായ ഈ പരാമർശം കീഴ്പെടുത്തിയിരിക്കുന്നു. മുഴുവനായി വികസിക്കാത്ത ഒരു വിളിച്ചുചൊല്ലൽ - invocation ആണത്. എന്താണ് ജീവിതത്തിന്റെ കേന്ദ്രത്തിൽ എന്ന് ചോദിച്ച് കണ്ടെത്തിയ ഉത്തരം. (എന്തിനെയെങ്കിലും ഇത് ഓർമ്മിപ്പിക്കുന്നുണ്ടെങ്കിൽ അത് ‘കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ’യിലെ ആ പ്രസിദ്ധവാക്യത്തെത്തന്നെയാണ്; “മനുഷ്യനും മനുഷ്യനും തമ്മിൽ, നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയശൂന്യമായ ‘രൊക്കം പൈസ’യൊഴികെ, മറ്റൊരു ബന്ധവും അത് (ബൂർഷാസി) ബാക്കിവെച്ചില്ല.” ‘സ്നേഹബന്ധങ്ങൾ ’ എന്ന നാടകപുസ്തകത്തിന്റെ തുടക്കത്തിൽ ചെറുകാടും ഇതുപോലുള്ള ഒരു വാക്യം എഴുതിയിരിക്കുന്നു. ‘അണപൈ ബന്ധം’ എന്ന് മാറിയ കാലത്തെ മനുഷ്യബന്ധത്തെ ഈ നാടകം വിമർശിക്കുന്നുണ്ട്). പ്രകൃതിയെ ആരാധിച്ചുപയോഗിക്കുന്നത് പഴങ്കഥയാകുന്നു. പകരം രൂപക്കണക്കിൽ അതിനെ കാണുന്നതാണ് പുതിയ രുചി. ഇനി പ്രകൃതിയില്ല. എന്ന് ജെയിംസൺ പറയുന്നത് ഈ മാറ്റമുണ്ടാവുന്നുവെന്ന് കണ്ടാണ്. ഓരോ പ്രകൃതി വസ്തുവും പണക്കണക്കിലേക്ക് വിവർത്തനം ചെയ്യപ്പെടുകയാണ്. ഓരോ പ്രകൃതിനിരീക്ഷകനും ഓരോ കാൽക്കുലേറ്ററായി മാറുന്നു. അക്ഷരങ്ങളേക്കാൾ അക്കങ്ങൾ പ്രധാനമാകുന്നു. ജെയിംസൺ പ്രസ്താവന നടത്തുന്നതിനും എത്രയോ മുൻപ് ഇടശ്ശേരി അത് ഏതാണ്ട് സാധിച്ചിരിക്കുന്നു. പാലച്ചെലവിന്റെ പണക്കണക്ക് കവിതയിൽ ആകുലതയും വിചാരണാവിഷയവുമാകുന്ന നവസമ്പത്ശാസ്ത്രത്തിന്റെ സൂചനയാണ്. ശിലയും കരിയും സിമന്റും ഉരുക്കും ടയറും പെട്രോളും പ്രകൃതിയുടെ മേൽ ഒരു പാഠം ഉണ്ടാക്കുന്നു. ‘വാഴ്ച’ എന്നുതന്നെയാണ് കവിതയിലെ വാക്ക്. ഭാവിയിലെ കുന്നിടിക്കലിന്റെ ചിത്രത്തിലേക്കാണിത് നീങ്ങുന്നത്. കുന്ന് എന്ന ജൈവവ്യവസ്ഥ, മണ്ണ് എന്ന വെറും നിറക്കലുരുപ്പിടിയായി (filling agent) മാറുന്നു – ഈ സമകാലിക ദൃശ്യമാണ് അന്തിമഹാകാളൻകുന്നിന്റെ ദുരന്തത്തിലൂടെ അന്ന് കവിത ഫ്ളാഷ് ഫോർവേഡ് ചെയ്തത്. രൂപ എന്ന ആശയം വീണ്ടും വരുന്നു. കളിയും ചിരിയും കരച്ചിലും മറക്കുന്ന നരന്റെ ഉള്ളടക്കം, പിന്നെ പണം മാത്രമാണ്. പ്രകൃതിയുടെയും മനുഷ്യരുടെയും ചേർച്ചയുടെ കാർണിവൽ കവിതയിലുണ്ട് “പച്ചയും മഞ്ഞയും … ”എന്നഭാഗം ഉത്പാദനത്തിന്റെയും ഉത്സാഹത്തിന്റെയും സിംഫണിയാണിത്. “ഇര

വിലെ ഭീകരമൂകതകൾ” പോലും അവിടെ നിഷേധ സൂചകമല്ല. ഈ ‘ആർക്കേഡിയ’യ്ക്ക് സമാന്തരമായാണ് പണത്തിന്റെ വാഴ്ച വരുന്നത്. “മല്ലൂരേത്തേവർ തെരുവുദൈവം” എന്ന വരിയിൽ ആദ്ധ്യാത്മിക പാരമ്പര്യം തന്നെ പണസ്ഥാനമായിത്തീരുന്നു. ഉയിർപ്പിക്കാനുള്ള മരുന്നുള്ള കുന്നെടുത്ത്, കൊണ്ടുപോയി, ചത്തവനെ ഉണർത്തിയശേഷം പഴയയിടത്തുതന്നെ സുരകഷിതമായി കൊണ്ടുവെക്കുന്ന രാമായണകഥയിലെ പാരിസ്ഥിതികവിവേകത്തിന്റെ വിപരീതം കൊണ്ടുള്ള അനുസ്മരണമാണ് അന്തിമഹാകാളൻകുന്നിന്റെ മുതലെടുപ്പിൽ വരുന്നത്. ഒന്നിൽ പണമില്ല – മറ്റേതിൽ പണം മാത്രമേയുള്ളൂ. ഈ വിപരിണാമങ്ങൾ ഉൽഘാടനം ചെയ്യപ്പെടുന്നത് കവിതയുടെ ഒന്നാം വരിയിലാണ്.

പണത്തിന്റെ നീളം സിമന്റ് ശിൽപത്തിൽ ഏറി നിൽക്കുന്ന ‘ഞാൻ’ എന്ന കേരളീയൻ ആധുനികനാണ്. അതിനാൽ അയാൾക്ക് ‘അഭിമാന’മുണ്ട്. പുത്തൻ പാലം എന്നതുമാത്രമല്ല അഭിമാനകാരണം. പാലത്തിന്റെ പണക്കണക്ക് തനിക്കറിയാമെന്നതും അഭിമാനകരമാണ്. ജനാധിപത്യത്തിലെ സാക്ഷരതയാണത്. പ്രജയിൽനിന്ന് പൗരനായിത്തീർന്ന ഒരാളിന്റെ - പുതിയ ദേശരാഷ്ട്രത്തിലെ അന്തേവാസിയുടെ - അഭിമാനം. കേവലാധുനികന് പാലം എന്നാൽ പുഴക്കുമുകളിലെ റോഡാണ്. പുഴയെ കീഴടക്കിയതിന്റെ ആവേശമാണ് അയാളുടെ പ്രമേയം. അതാണ് ആധുനികതയുടെ പടിഞ്ഞാറൻ പാഠം. ജനകീയാധുനികന് താഴോട്ടുനോക്കാതിരിക്കാനാകുന്നില്ല - പേരാർ ശോഷിച്ചിരിക്കുന്നു. പാലത്തിന്റെ വലുപ്പവും ഉയരവും അതു നൽകുന്ന സുരക്ഷിതത്വവും കൂടിച്ചേർന്ന ആധിപത്യപരമായ സ്ഥാനത്തു നിൽക്കുന്നതുകൊണ്ടുമാത്രം കേവലാധുനികന് പുഴ ശോഷിച്ചതായി തോന്നും. അത് തോറ്റവനോടുള്ള അധിപതിയുടെ പുച്ഛമാണ്. എന്നാൽ ജനകായാധുനികന് അത് പ്രതീതിയല്ല - യാഥാർത്ഥ്യം തന്നെയാണ്. പുഴ മെലിഞ്ഞിരിക്കുന്നു. ‘മല്ലൂർക്കയമിനിച്ചൊല്ലുമാത്രം’ എന്ന് പിന്നീട് വരുന്നുണ്ട്. മെലിഞ്ഞതിനോടുള്ള പ്രതിബദ്ധത പാലത്തിലുള്ള അഭിമാനത്തിന്റെ അളവ് കുറക്കുന്നുണ്ട്. ആധുനികതയ്ക്ക് ഇരകളുണ്ട് എന്ന ബോധമാണിത്. നേട്ടങ്ങളുടെ കണക്കുകൊണ്ട് മാത്രമല്ല, ഇരകളുടെ നോട്ടം കൊണ്ടും ആധുനികത വിലയിരുത്തപ്പെടേണ്ടതുണ്ട്. പാരിസ്ഥിതിക കവിതയെന്നാൽ പാശ്ചാത്യമുതലാളിത്തത്തിന്റെ വികസനസങ്കൽപ്പത്തിലെ പ്രാദേശികവും കീഴാളപരമായ വിശകലനവും വിമർശനവുമാണ്. ആ സങ്കൽപത്തിന്റെ കേവലമായ സാധൂകരണത്തെയാണ് ഈ നാട്ടൊച്ച ശല്യം ചെയ്യുന്നത്. ശോഷിച്ച പേരാറിനെക്കുറിച്ചുള്ള വേവലാതിയുടെ അങ്ങേയറ്റമാണ് അത് “അഴുക്കുചാലായ് ” മാറിപ്പോവുമോ എന്ന വരിയായി കവിതയുടെ അഴിമുഖത്ത് നാം വായിക്കുന്നത്. അഭിമാനിക്കുകയും ഒപ്പം അഭിമാനത്തിൽ സകാരണം സംശയിക്കുകയും ചെയ്യുന്ന ഈ കർത്തൃത്വം ദേശീയ ജനകീയ പാരമ്പര്യത്തെവെച്ച് ആധുനികതയെ അളക്കുന്നയാൾ തന്നെ. പണക്കണക്കായ പാലത്തിന് ഇങ്ങനെ സംസ്കാരത്തിന്റെ കണക്കുണ്ടാവുന്നു.

പൊതുമണ്ഡലത്തിന്റെ രൂപവൽക്കരണത്തിലും ആധുനികതാപദ്ധതിയുടെ വിടർച്ചയിലും ഇവിടെ ഏതാണ്ട് മുഴുവനായും തന്നെ ഒഴിവാക്കിയത് കേരളീയത എന്ന - ദേശീയ ജനകീയത എന്ന - അനുഭവത്തെയും ആശയത്തെയുമായിരുന്നു. ‘ഇന്ദുലേഖ’യിൽ പിയാനോ ഉണ്ട് - ചെണ്ടയില്ല. മാധവൻ കപ്പലിൽ നിന്ന് നാടിനെ കുഴൽ വെച്ച് നോക്കുമ്പോൾ ഒരു തെങ്ങോ പുളിയോ കാഞ്ഞിരമോ കണ്ണിൽ പെടുന്നില്ല. നാടൻ പാട്ട് പാടിയ, പുലയനെ നായകനാക്കുന്ന ‘സരസ്വതിവിജയം’ ഇന്നും ‘ഇന്ദുലേഖ’യോടൊപ്പം നാം വെക്കുന്നില്ല. പാശ്ചാത്യമാതൃകയെ ബൃഹദാഖ്യാനമായി നാം കണ്ടു. സ്വന്തം പാരമ്പര്യത്തിന്റെ സൂക്ഷ്മതകളെ, ഭൂതകാലത്തിന്റെ അക്കാദമിക പഠനത്തിന് ഉപയോഗിക്കാവുന്ന വസ്തുക്കളും വസ്തുതകളും മാത്രമായി മാറ്റിനിർത്തി, അത് ഒരു ജ്ഞാനവ്യവസ്ഥയാണെന്നും അതിൽ നിന്ന് ഒരു വികസനദർശനം സ്വരുക്കൂട്ടാമെന്നും അതുകൂടി പരിഗണിച്ചുവേണം ബൃഹദാഖ്യാനത്തിന് കീഴ്പ്പെടലെന്നും ആരും ചിന്തിച്ചില്ല. ഇതിന്റെ ഫലം അധിനിവേശം അനായാസമായി - ജനത സാംസ്കാരികമായി നിരായുധമായി എന്നതാണ്. ഇതു നന്നായി, കുറ്റബോധത്തോടെ ഇന്ന് തിരിച്ചറിയുന്നുണ്ട്. രാഷ്ട്രീയനേതാക്കൾക്കും പണ്ഡിതൻമാർക്കും വികസന വിദഗ്ധർക്കും ഇക്കാര്യം അറിയാം. ഓരോ വികസന നീക്കവും ജനകീയ വിചാരണക്ക് വിധേയമാവുന്നുണ്ട് ഇന്ന്. കവികൾ ആധുനികതയെ, അന്നേ, ഇങ്ങനെ കണ്ടു. കവികളുടെ വികസന ദർശനം ഇന്ന് പ്രതിബോധമായി മാറുന്നു. അന്നത്തെ കവിത ഇന്ന് സാമൂഹിക ചിന്തയായി വായിക്കപ്പെടുന്നു.

മറ്റൊരു തുടക്കത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇതവസാനിപ്പിക്കുന്നു. ഫ്രോസ്റ്റിന്റെ വരിയാണിത്: “*Whose woods these are I think I know*”. എൻ. വി. കൃഷ്ണവാര്യരുടെ വിവർത്തനം: “ആരുടേതാണീ വനമെന്ന് ഞാനറിയുന്നേൻ” വന

ത്തെക്കുറിച്ചാണ് കവിത., വനവർണ്ണനക്കായ് പാശ്ചാത്യകവിതാ പാരമ്പര്യത്തിനും കുറേ ഉപാധികളുണ്ട്. അവയെ, അവയുടെ സാമൂഹിക ജ്ഞാനത്തെ ഒട്ടാകെ വർജ്ജിച്ച് ഫ്രോസ്റ്റ് കാടിനുമുടമസ്ഥനുണ്ട് എന്ന് പറയുന്നു. സ്വകാര്യസ്വത്ത്സംബന്ധിയായ വാസ്തുകാമം (ഫെറ്റിഷിസം) ഭ്രാന്തമായ അളവിൽ നിൽക്കുന്ന ഒരു നാഗരികതയിലെ താമസക്കാരനായ കവിക്കുമാത്രം ഉണ്ടാക്കാനാവുന്ന ആമുഖവരിയാണിത്. ഇടശ്ശേരി - ഫ്രോസ്റ്റ് സമാന്തരത്വം - സ്വാധീനതയല്ല - പഠിക്കുമ്പോൾ, ഈ വരിയും ‘കുറ്റിപ്പുറം പാല’ത്തിന്റെ ഒന്നാം വരിയും തമ്മിൽ ചേർത്തുവെക്കേണ്ടതുണ്ട്. ന്യൂ ഇംഗ്ലണ്ടും പൊന്നാനിയും സംവാദ സന്നദ്ധമായ രണ്ട് കാവ്യഭൂമികളാണ്. അധിപതികളുടെ അമേരിക്കയല്ല, ഗ്രാമീണരുടെ ഇടമാണ് ഫ്രോസ്റ്റിന്റെ ന്യൂ ഇംഗ്ലണ്ട്. അമേരിക്കയിലെ ആധുനികതയെ ഗ്രാമീണബോധം കൊണ്ട് സംശയിക്കുന്ന കവിയാണ് ഫ്രോസ്റ്റ് എന്നർത്ഥം. ഒരട്ടിമണ്ണ് പുതച്ചുകിടക്കുന്ന ഈ കവികൾ അന്യോന്യം വിനിമയം നടത്തുന്നുണ്ട് – E(arth) mail വഴി.